# പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 7435 17.07.2012-ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷക്ഷേമ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏകോപിപ്പിക്കുന്നതിനും ക്രിയാത്മകമായി നടപ്പാക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) റവന്യൂ വകുപ്പിന് കീഴിലുള്ള വക്കഫ് ബോർഡ്, ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഹജ്ജ് എന്നിവ കൂടാതെ, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ടു വിവിധ വകുപ്പുകൾക്ക് കീഴിൽ നടന്നു വരുന്ന എല്ലാ പദ്ധതികളും ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനായുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ വകുപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ജനങ്ങളിലെത്തിക്കുവാൻ പര്യാപ്തമായ രീതിയിലുള്ള ഒരു വെബ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടിയും ബ്രോഷർ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. എല്ലാ കളക്ടറേറ്റുകളിലും പ്രവർത്തിച്ചുവരുന്ന ന്യൂനപക്ഷ സെക്ഷൻ, ദിനപത്രങ്ങൾ, ആകാശവാണി, ദൂരദർശൻ തുടങ്ങിയവ വഴിയും ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ജനങ്ങളിലെത്തിക്കുന്നുണ്ട്. |
| (ബി) ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) വിവിധ ക്ഷേമ പദ്ധതികളെപ്പറ്റി കൂടുതൽ ബോധവൽക്കരണം നടത്തുന്നതിന് പ്രൊമോട്ടർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | (സി) ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെ ക്കുറിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി 1000 ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും 1000 ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുന്നതിനുമുള്ള പദ്ധതിയ്ക്ക് 16/06/2012 - ലെ സ.ഉ. (സാധാ) നം. 5001/2012/പൊ.ഭ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ അവരുടെ യോഗ്യത, എണ്ണം, ജോലിയുടെ സ്വഭാവം എന്നിവ വ്യക്തമാക്കാമോ ; | (ഡി) പത്താം ക്ലാസ്സ് വിദ്യാഭ്യാസം വിജയകരമായി പൂർത്തിയാക്കിയവരും ബന്ധപ്പെട്ട മേഖലയിൽ പ്രായോഗിക പരിജ്ഞാനമുള്ളവരെയുമാണ് പ്രൊമോട്ടർമാർ ആയി നിയമിക്കുന്നത്. 1000 പ്രമോട്ടർമാരെയാണ് നിയമിക്കാൻ ഉദ്ദേശിക്കുന്നത്. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുകയും ഇത്തരം മേഖലകളിൽ വ്യാപൃതരായിരിക്കുകയും ചെയ്യുക. മദ്രസ്സ അദ്ധ്യാപകർക്കിടയിൽ ബോധവൽക്കരണം നടത്തുക, ക്ഷേമനിധിയിലും പെൻഷൻ സ്കീമിലും കൂടുതൽ പേരെ അംഗങ്ങളാക്കുക, വിവിധ സ്കോളർഷിപ്പുകളെക്കുറിച്ച് കൃത്യമായ വിവരം യഥാസമയം വിദ്യാർത്ഥികളിലെത്തിക്കുക. പ്രൊമോട്ടർമാർ നിർവ്വഹിച്ച കാര്യങ്ങളെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് സമർപ്പിക്കുക തുടങ്ങിയ ഉത്തരവാദിത്തങ്ങളാണ് അവർക്കുള്ളത്. |
| (ഇ) ഓരോ ജില്ലയിലും ന്യൂനപക്ഷക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും ബോധവൽക്കരണത്തിനും പ്രമോട്ടർമാരെ നിയമിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ഇ) പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.